ലോട്ടറി ഇടപാടുകൾ

42 [355] ശ്രീ. ബി. വിജയകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വില്പന നടത്തിവരുന്ന അന്യസംസ്ഥാന ലോട്ടറികളുടെ സംരംഭകരും നടത്തിപ്പുകാരുമായി ഓൺലൈൻ ലോട്ടറി കമ്പനികളുമായും വ്യക്തികളുമായും ലോട്ടറി ഇടപാടുകൾ സംബന്ധിച്ച് നിരവധി കേസ്സുകൾ ലോട്ടറി വകുപ്പുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിലും ബഹു. സുപ്രീം കോടതിയിലും നടന്നുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം കേസ്സുകൾ സംസ്ഥാന സർക്കാരിന്റെ താൽപ്പര്യങ്ങൾക്കും ലോട്ടറീസ് വകുപ്പിന്റെ താൽപ്പര്യങ്ങൾക്കും അനുസൃതമായി നടത്തുന്നതിന് സഹായകരമാംവിധം ലോട്ടറീസ് വകുപ്പിൽ ലീഗൽ സെക്ഷനും, ലാ ആഫീസർ തസ്തികയും നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ ലോട്ടറീസ് വകുപ്പിൽ ഒരു ലാ ആഫീസർ തസ്തികയും ലീഗൽ സെക്ഷനും രൂപീകരിക്കേണ്ടതാണെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ;

(ഡി) ഒരു ലാ ആഫീസറുടേയും ലീഗൽ അസിസ്റ്റന്റുമാരുടേയും തസ്തിക വകുപ്പുമാറ്റംവഴി സൃഷ്ടിക്കുന്നതിന് നികുതി വകുപ്പ് അംഗീകരിച്ച് നൽകിയ ശുപാർശ പരിഗണനയിലുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത്തരം കേസ്സുകൾ സംസ്ഥാന സർക്കാരിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് അനുസൃതമായിട്ടാണ് ഇപ്പോൾ നടത്തിവരുന്നത്. എന്നാൽ ലോട്ടറീസ് വകുപ്പിൽ ലീഗൽ സെക്ഷനും, ലാ ആഫീസർ തസ്തികയും നിലവിലില്ല.

(സി—ഇ) ഭാഗ്യക്കുറി വകുപ്പിൽ ഒരു ലീഗൽ സെൽ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly